നമ്പർ.ടി1-687/2022/ജി.പി.എച്ച്.ടി.എസ് തീയതി : 08/08/2022

റിവൈസ്ഡ് സർക്കുലർ

വിഷയം : ആരോഗ്യ വകുപ്പ് - ജി.പി.എച്ച്.ടി.എസ് - ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് - റെഗുലർ/റീ-അപ്പിയറൻസ് പൊതുപരീക്ഷ 2022 - അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച് -

സൂചന : സർക്കുലർ നമ്പർ ടി1-687/2022/ജി.പി.എച്ച്.ടി.എസ് തീയതി : 03/08/2022

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ നടത്തുന്ന ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന്റെ 2019-21 ബാച്ചിൻറെ അവസാന വർഷ പരീക്ഷയും , 2021 ഏപ്രിലിൽ അഡ്മിഷൻ നടപടികൾ പൂർത്തീകരിച്ച് അതേ മാസം ക്ലാസുകൾ ആരംഭിച്ച, എന്നാൽ എൽ.ബി.എസ് അഡ്മിഷൻ സ്ലിപ്പിൽ 2020-22 എന്ന് രേഖപ്പെടുത്തിയിരിക്കുന്ന ബാച്ചിന്റെ ഒന്നാം വർഷ പരീക്ഷയും മുൻ ബാച്ച് വിദ്യാർത്ഥികളുടെ റീ-അപ്പിയറൻസ്*പരീക്ഷയും സെപ്റ്റംബർ 2022-ൽ നടത്തുവാൻ ഉദ്ദേശിക്കുന്നു. പരീക്ഷക്ക് അപേക്ഷിക്കുന്നതിനുള്ള ഫീസിന്റെ വിശദാംശങ്ങളും ഫീ ഒടുക്കേണ്ട വിധവും ചുവടെ ചേർക്കുന്നു.

1. അപേക്ഷ ഫോം - 10/- രൂപ
2. പരീക്ഷ ഫീസ്:
    എ) റെഗുലർ ഓരോ പേപ്പറിനും 150/- രൂപ വീതം,
    ബി) റീ അപ്പിയറൻസ് ഓരോ പേപ്പറിനും 200/- രൂപ വീതം
3. മാർക്ക് ലിസ്റ്റ് ഓരോ വർഷത്തിനും 50/- രൂപ വീതം

പരീക്ഷ ഫീസിനത്തിൽ ഒടുക്കുന്ന തുക യാതൊരു കാരണവശാലും റീഫണ്ട് ചെയ്യുന്നതല്ല.

വിദ്യാർത്ഥികൾ പരീക്ഷയുടെ അപേക്ഷ പൂർണ്ണമായും പൂരിപ്പിക്കേണ്ടതാണ്. അപൂർണ്ണമായ അപേക്ഷകൾ സ്വീകരിക്കുന്നതല്ല. പരീക്ഷാർത്ഥികൾ പത്താം ക്ലാസ് പരീക്ഷയുടെ ഗസറ്റഡ് ഓഫീസർ അല്ലെങ്കിൽ സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, മുൻപ് എഴുതിയിട്ടുള്ള പരീക്ഷകളുടെ ഹാൾ ടിക്കറ്റുകളുടെ പകർപ്പ് എന്നിവ അപേക്ഷയിൽ ഉള്ളടക്കം ചെയ്യേണ്ടതാണ്. ഇത് കൂടാതെ പരീക്ഷാർത്ഥികൾ അപേക്ഷയിൽ പേരും ജനനത്തീയതിയും പ്രിന്റ് ചെയ്ത ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ പതിപ്പിക്കേണ്ടതും പേരും ജനനത്തീയതിയും പ്രിന്റ് ചെയ്ത രണ്ട് ഫോട്ടോകൾ അപേക്ഷയോടൊപ്പം പ്രത്യേകമായി ഉള്ളടക്കം ചെയ്യേണ്ടതുമാണ്. ഈ കാര്യങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്നു സ്ഥാപന മേധാവി ഉറപ്പുവരുത്തേണ്ടതാണ്.

സ്ഥാപനമേധാവികൾ റെഗുലർ വിദ്യാർത്ഥികളുടെയും റീ അപ്പിയറൻസ് വിദ്യാർത്ഥികളുടെയും അപേക്ഷകൾ, വെവ്വേറെ ലിസ്റ്റുകൾ തയാറാക്കി തരം തിരിക്കുകയും, എല്ലാ അപേക്ഷകരുടെയും പരീക്ഷ ഫീസ് മുഴുവനായും ശേഖരിച്ച് ആയത് സെക്രട്ടറി പാരാമെഡിക്കൽ കൗൺസിലിന്റെ A/C No: 57036990991 IFSC: SBIN0070028 എന്ന അക്കൗണ്ടിലേക്ക് ഒടുക്കേണ്ടതുമാണ്. ഡിമാൻഡ് ഡ്രാഫ്റ്റുകൾ/ഗൂഗിൾ പേ/ഫോൺ പേ മുതലായവ സ്വീകാര്യമല്ല. ഒടുക്കുന്ന ഫീസ് തുകയുടെ ജേർണൽ നമ്പർ/UTR നമ്പർ/ട്രാൻസാക്ഷൻ റഫറൻസ് നമ്പർ ബാങ്കിൽ നിന്ന് ആവശ്യപ്പെട്ട് അത് കൃത്യമായി രേഖപ്പെടുത്തിയ ഒറിജിനൽ കൗണ്ടർഫോയിൽ അടക്കമുള്ള മേൽ പ്രതിപാദിച്ച രേഖകൾ പരീക്ഷാർത്ഥികളുടെ അപേക്ഷയോടൊപ്പം 2022 ആഗസ്റ്റ് 13-നകം സംസ്ഥാന നോഡൽ ഓഫീസായ ഗവ. പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സ്കൂളിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ റീവാല്യുവേഷന് അപേക്ഷിച്ചിരിക്കുന്ന വിദ്യാർത്ഥികളുടെ പൊതുപരീക്ഷ അപേക്ഷകൾ 19/08/2022-

ന്നുള്ളിൽ നോഡൽ ഓഫീസിൽ ലഭ്യമാകുന്ന വിധം സ്ഥാപനമേധാവികൾ വഴി സമർപ്പിച്ചാൽ മതിയാകുന്നതാണ്.

മുൻകാലങ്ങളിൽ വിദ്യാർത്ഥികൾ സമർപ്പിച്ചിരുന്ന പല അപേക്ഷകളിലും SSLC സർട്ടിഫിക്കറ്റ് പ്രകാരമുള്ള സ്വന്തം പേര്, ബാച്ച്, പഠിക്കുന്ന വർഷം, അപേക്ഷിക്കുന്ന വിഷയങ്ങൾ മുതലായ വിവരങ്ങളിൽ കൃത്യത ഇല്ലാതെയും തെറ്റായും രേഖപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. സ്ഥാപനമേധാവി കൃത്യമായി പരിശോധിച്ച് അംഗീകരിച്ച് കോഴ്സ് പഠിക്കുന്ന/പഠിച്ച സ്ഥാപനം മുഖേന നൽകുന്നവയല്ലാത്ത ഒരു അപേക്ഷയും സ്വീകരിക്കുന്നതായിരിക്കില്ല.

ഇത് കൂടാതെ, ഈ സർക്കുലറിനോടൊപ്പം പ്രസിദ്ധീകരിക്കുന്ന എക്സൽ ഡാറ്റാ ടെംപ്ളേറ്റ് SSLC സർട്ടിഫിക്കറ്റ് പ്രകാരം കൃത്യമായും പൂർണ്ണമായും പൂരിപ്പിച്ച് എക്സൽ ഫയൽ (Microsoft Excel) ആയി തന്നെ phtstvpm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേക്ക് 2022 ആഗസ്റ്റ് 13-നകംതന്നെ അയക്കേണ്ടതും , (റീവാല്യവേഷൻ അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളുടെ വിവരങ്ങൾ 19/08/2022 വരെ സമർപ്പിക്കാവുന്നതാണ്.) ടി ഫയലിന്റെ ഒരു ഹാർഡ് കോപ്പി സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തി തപാൽ മുഖേന സംസ്ഥാന നോഡൽ ഓഫീസായ ഗവ. പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സ്കൂളിലേക്ക് അയയ്ക്കേണ്ടതുമാണ്. വിദ്യാർത്ഥികൾ അപേക്ഷയിൽ നൽകുന്ന വിവരങ്ങളും അനുബന്ധ എക്സൽ ഷീറ്റിൽ നൽകുന്ന വിവരങ്ങളും ഒന്ന് തന്നെയാണെന്ന് സ്ഥാപനമേധാവി ഉറപ്പുവരുത്തേണ്ടതാണ്. മേൽ പ്രതിപാദിച്ചിരിക്കുന്ന എല്ലാ നിബന്ധനകളും കൃത്യമായി പാലിക്കുവാൻ ഓരോ സ്ഥാപനമേധാവിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. പരീക്ഷയ്ക്കുള്ള അപേക്ഷ ഫോം, എക്സൽ ഡാറ്റാ ടെംപ്ളേറ്റ് എന്നിവ ഈ സർക്കുലറിനോടൊപ്പം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ https://dhs.kerala.gov.in/results-3/ എന്ന വെബ്സൈറ്റിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അനുവാദത്തോടുകൂടി പ്രസിദ്ധീകരിക്കുന്നു. ടി പരീക്ഷയുടെ വിശദമായ ടൈം ടേബിൾ തുടർന്ന് പ്രസിദ്ധീകരിക്കുന്നതാണ്

**NB: 15/11/2021 ൽ കോഴ്സിന്റെ ബോർഡ് ഓഫ് എക്സാമിനേഷൻസ് ചെയർമാനായ ബഹു.ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അധ്യക്ഷതയിൽ കൂടിയ യോഗതീരുമാന പ്രകാരം ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ്, കോഴ്സ് കാലാവധിക്ക് ശേഷം അഞ്ചു വർഷത്തിനുള്ളിൽ 4 അവസരങ്ങൾ ഉപയോഗപ്പെടുത്തി പൂർത്തിയാക്കാവുന്നതാണ്. ഇത് പ്രകാരം 2015-17 മുതൽ തുടർന്നുള്ള ബാച്ച് വിദ്യാർത്ഥികളിൽ 4 അവസരങ്ങൾ ഉപയോഗിച്ചിട്ടില്ലാത്ത വിദ്യാർത്ഥികൾക്ക് ഇത്തവണ റീ-അപ്പിയറൻസ് പരീക്ഷക്ക് അപേക്ഷിക്കാൻ യോഗ്യതയുണ്ടായിരിക്കും. അല്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതായിരിക്കില്ല.*

സ്റ്റേറ്റ് നോഡൽ ഓഫീസർ
ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ്

ആരോഗ്യവകുപ്പ് ഡയറക്ടർ
ചെയർമാൻ, ബോർഡ് ഓഫ് എക്സാമിനേഷൻസ്
ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ്

| TIMETABLE FOR DIPLOMA IN HEALTH INSPECTOR COURSE ANNUAL EXAMINATION SEPTEMBER 2022 | | | |
|---|---|---|---|
| FIRST YEAR | | | |
| **DATE** | **TIME** | **EXAMINATION** | **PAPER** |
| **14/09/2022 WEDNESDAY** | 10 AM – 1 PM | THEORY | PAPER I – ANATOMY AND PHYSIOLOGY |
| | 2 PM – 5 PM | VIVA VOCE | |
| **16/09/2022 FRIDAY** | 10 AM – 1 PM | THEORY | PAPER II – NUTRITION, HYGIENE, BASIC PHARMACOLOGY AND BASIC MICROBIOLOGY |
| | 2 PM – 5 PM | VIVA VOCE | |
| **20/09/2022 TUESDAY** | 10 AM – 1 PM | THEORY | PAPER III – FIRST AID, BASIC MEDICINE, DISABILITY MANAGEMENT, DISASTER MANAGEMENT AND REHABILITATION |
| | 2 PM – 5 PM | VIVA VOCE | |
| **23/09/2022 FRIDAY** | 10 AM – 1 PM | THEORY | PAPER IV – COMMUNICABLE DISEASES, NATIONAL HEALTH PROGRAMMES AND NATIONAL HEALTH POLICY |
| | 2 PM – 5 PM | VIVA VOCE | |
| **26/09/2022 MONDAY** | 10 AM – 1 PM | THEORY | PAPER V - PUBLIC HEALTH & PRIMARY HEALTH CARE, JOB RESPONSIBILITIES, RECORDS & REPORTS, FAMILY WELFARE, HEALTH STATISTICS & POPULATION EDUCATION |
| | 2 PM – 5 PM | VIVA VOCE | |

8/8/22

STATE NODAL OFFICER, DHI COURSE

DIRECTOR OF HEALTH SERVICES
CHAIRMAN, BOARD OF EXAMINATIONS
DIPLOMA IN HEALTH INSPECTOR COURSE

| TIMETABLE FOR DIPLOMA IN HEALTH INSPECTOR COURSE ANNUAL EXAMINATION SEPTEMBER 2022 | | | |
|---|---|---|---|
| **SECOND YEAR** | | | |
| **DATE** | **TIME** | **EXAMINATION** | **PAPER** |
| **15/09/2022 THURSDAY** | 10 AM – 1 PM | THEORY | PAPER I – ENVIRONMENTAL SANITATION AND PUBLIC HEALTH PROBLEMS |
| | 2 PM – 5 PM | VIVA VOCE | |
| **19/09/2022 MONDAY** | 10 AM – 1 PM | THEORY | PAPER II – COMMUNICATION AND HEALTH EDUCATION |
| | 2 PM – 5 PM | VIVA VOCE | |
| **22/09/2022 THURSDAY** | 10 AM – 1 PM | THEORY | PAPER III – FUNDAMENTALS OF MANAGEMENT, PUBLIC HEALTH ACT, LOCAL SELF GOVERNMENT INSTITUTIONS & PROJECT PREPARATION |
| | 2 PM – 5 PM | VIVA VOCE | |
| **24/09/2022 SATURDAY** | 10 AM – 1 PM | THEORY | PAPER IV – BEHAVIOURAL SCIENCE - SOCIOLOGY, PSYCHOLOGY & HEALTH |
| | 2 PM – 5 PM | VIVA VOCE | |
| **27/09/2022 TUESDAY** | 10 AM – 1 PM | THEORY | PAPER V - NON-COMMUNICABLE DISEASES, BIOMEDICAL WASTE MANAGEMENT, PALLIATIVE CARE & GERIATRIC HEALTH |
| | 2 PM – 5 PM | VIVA VOCE | |

8/8/22

STATE NODAL OFFICER, DHI COURSE

DIRECTOR OF HEALTH SERVICES
CHAIRMAN, BOARD OF EXAMINATIONS
DIPLOMA IN HEALTH INSPECTOR COURSE